പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :3490

20.6.2019 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടും മൂന്നും സ്ട്രീമുകളിലെ നിയമനങ്ങളിൽ സംവരണം സംബന്ധിച്ച മുൻ നിലപാടിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ് പ്രകാരം മൂന്ന് സ്ട്രീമുകളിലായാണ് നിയമനം നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ളത്. സ്ട്രീം I ൽ നേരിട്ടുള്ള നിയമനം സ്ട്രീം II, III എന്നിവയിൽ ബൈ ട്രാൻസ്ഫർ നിയമനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്കാണ് സംവരണ തത്വങ്ങൾ ബാധകമായിട്ടുള്ളത്. ആയതിനാലാണ് സ്ട്രീം II, III എന്നിവ മുഖേനയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാത്തത്. എന്നാൽ പ്രസ്തുത സ്ട്രീമുകളിലും സംവരണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകൾ, ജന പ്രതിനിധികൾ, വ്യക്തികൾ എന്നിവരിൽ നിന്നും ധാരാളം നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിക്കുകയും സ്ട്രീം II, III എന്നിവയിലും സംവരണം നടപ്പിലാക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരികയുമാണ്. |
| ബി) | നിയമവകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനും മൂന്ന് സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് ശിപാർശ നൽകിയിട്ടും ആയത് പരിഗണിക്കാതെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം മാത്രം പരിഗണിച്ചാണോ രണ്ടും മൂന്നും സ്ട്രീമിൽ സംവരണം ബാധകമാക്കാതിരുന്നത്; വിശദമാക്കാമോ; | | |
| സി) | കെ.എ.എസ്.ലെ നിയമനത്തിൽ എല്ലാ സ്ട്രീമുകളിലും സംവരണം ബാധകമാക്കിയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | സി) | ഇല്ല. കെ.എ.എസ്. ൽ രണ്ടും മൂന്നും സ്ട്രീമുകളിലെ സംവരണം ഏർപ്പെടുത്തുന്നതടക്കമുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| ഡി) | നിലവിലെ സാഹചര്യത്തിൽ കെ.എ.എസ്.ലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ എന്നത്തേക്ക് സാധ്യമാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | ഡി) | സ്പെഷ്യൽ റൂൾസ് ഭേദഗതി നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ